കൊടുത്തിരുന്നു. കടിശ്ശിക വരുത്തിയിരുന്നില്ല. ഡി.എ. പൂർണ്ണമായും കൊടുത്തു. ശമ്പളപരിഷ്കരണത്തെക്കുറിച്ച് ചോദിക്കുമ്പോൾ ഡി.എ. കൊടുത്തു എന്നു പറഞ്ഞാൽ എന്താണ് കാര്യം. ശമ്പളപരിഷ്കരണമാണ് ആവശ്യം. അങ്ങ് പറയുന്നത് ആറുമാസത്തേയ്ക്ക് ശമ്പളക്കമ്മീഷനെ വീണ്ടും എക്സ്റ്റന്റ് ചെയ്യു എന്നാണ്. കമ്മീഷൻ റിപ്പോർട്ട് വരുമ്പോഴേയ്ക്കും ഒരു കൊല്ലമാകും. അതുകൊണ്ടാണ് ഇടക്കാലാശ്വാസത്തെക്കുറിച്ച് ഒരു പ്രഖ്യാപനം നടത്തണമെന്ന് ഞങ്ങൾ പറയുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഞാൻ പറഞ്ഞുകഴിഞ്ഞു. ഏറ്റവും വേഗത്തിൽ ത്തന്നെ അത് നടപ്പിലാക്കും. ഒരു കാരണവശാലും ജീവനക്കാരുടെ ആവശ്യങ്ങൾ ഗവൺമെന്റ് തള്ളിക്കളയുകയില്ല, കഴിഞ്ഞ ഗവൺമെന്റിന്റെ ശമ്പളപരിഷ്കരണം എൽ.ഡി.എഫ്. ആണ് നടപ്പിലാക്കിയതെന്ന് പറയുകയാണെങ്കിൽ, ആ അർത്ഥത്തിൽ നിങ്ങളുടെ ശമ്പളപരിഷ്കരണവും ഈ ഗവൺമെന്റാണ് നടപ്പിലാക്കിയത്. 2011 ഫെബ്രുവരിയിലെ ശമ്പളത്തിലാണ് നിങ്ങൾ കൊടുക്കാൻ തുടങ്ങിയത്. മാർച്ച് 1-ന് ഇലക്ഷൻ പ്രഖ്യാപിച്ചു. അപ്പോൾ അതുകഴിഞ്ഞുവന്ന ഞങ്ങളുടെ ഗവൺമെന്റാണ് അതിന്റെ മുഴുവൻ ബാധ്യതയുമെടുത്ത് കുറവുകളൊക്ക നികത്തി നടപ്പിലാക്കിയത്. ഏതായിരുന്നാലും ജീവനക്കാരുടെ കാര്യത്തിൽ കഴിഞ്ഞ മുന്നരക്കൊല്ലവും ഈ ഗവൺമെന്റ് സ്വീകരിച്ച സമീപനമുണ്ട്. അവരുടെ ഒരു പേമെന്റും അനാവശ്യമായി വച്ചുതാമസിപ്പിക്കില്ല. ജീവനക്കാരെക്കൂടി വിശ്വാസ ത്തിലെടുത്തുകൊണ്ടു തന്നെയാണ് എല്ലാ കാര്യങ്ങളിലും ഈ ഗവൺമെന്റ് പ്രവർത്തിച്ചിട്ടുള്ളത്. ഭാവിയിലും അങ്ങനെതന്നെയായിരിക്കും. ശമ്പള പരിഷ്കരണത്തിന്റെ കാര്യത്തിലും ആ സമീപനം തന്നെ സ്വീകരിക്കും.

IV ക്രമപ്രശ്നം

ഒരേ വിഷയം ആവർത്തിച്ച് ഉന്നയിക്കപ്പെടുന്നതു സംബന്ധിച്ച്

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. 304(2) പ്രകാരം സബ്മിഷൻസിനെക്കുറിച്ച് പറയുന്നത്, It shall not relate to a matter which has been discussed in the same session or which is substantially to the matter already raised by a member under this rule during the session; ഇന്നലെ അടിയന്തരപ്രമേയം കൊണ്ടുവന്നതും ഇതേ വിഷയം തന്നെയാണ്. ഇന്നലെ കൊണ്ടുവന്ന അതേ വിഷയംതന്നെ ചട്ടങ്ങൾക്ക് വിരുദ്ധമായി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരികയാണ്. പ്രതിപക്ഷ നേതാവിനോട് ബഹുമാനമുണ്ട്. എന്നിരുന്നാലും ഇതൊരു കീഴ്വഴക്കമാകാൻ പാടില്ല. ഇന്നലെ അടിയന്തരപ്രമേയമായി വന്ന വിഷയം ഇന്ന് സബ്മിഷനായി കൊണ്ടുവരുന്നത് കീഴ്വഴക്കങ്ങൾക്ക് ചേർന്നതല്ല. ഇത് ഗുരുതരമായ ചട്ടലംഘനമാണ്. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത് ശരിയാണ്. നിയമസഭാ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ 304 (2)-ൽ പറയുന്നത് സഭയിൽ ഒരു പ്രാവശ്യം വന്ന വിഷയം വീണ്ടും ചർച്ച ചെയ്യാൻ പാടില്ല എന്നാണ്. എന്നാൽ പ്രതിപക്ഷ നേതാവ് തന്ന നോട്ടീസായതു കൊണ്ട് മാത്രമാണ് ഇന്നിവിടെ അനുവദിക്കുന്നത്. പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ആദരവും ബഹുമാനവും നിലനിർത്തിക്കൊണ്ട് ഈ സബ്മിഷൻ അവതരിപ്പിക്കാനുള്ള അനുവാദം നൽകുകയാണ്.

V സബ്മിഷൻ

1. ബാർ കോഴ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, സംസ്ഥാന സർക്കാരിന്റെ വിവാദ മദ്യനയത്തിനുപിന്നിലുള്ള കോടികളുടെ അഴിമതി സംബന്ധിച്ച വിവരങ്ങൾ പുറത്തുവന്നപ്പോൾ ആരോപണങ്ങൾ സംബന്ധിച്ച് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അടിയന്തര അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് 1-11-2014-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ വിൻസൺ എം. പോളിന് ഞാൻ കത്ത് നൽകി. ആ കത്തിൽ സൂചിപ്പിച്ചതുപോലെ മന്ത്രിമാരുൾപ്പെട്ട ഗുരുതരമായ അഴിമതിക്കേസ്സുകളിൽ ഉടൻതന്നെ അന്വേഷണം നടത്തണമെന്നും 15 ദിവസത്തിനകം എഫ്.ഐ.ആർ. ഫയൽ ചെയ്യണമെന്നും ഇപ്പോഴത്തെ ഗവർണ്ണർ ജസ്റ്റിസ് പി. സദാശിവം അദ്ധ്യക്ഷനായിരുന്ന സുപ്രീംകോടതി ബഞ്ച് 2013 നവംബർ 12-ന് വിധി പുറപ്പെടുവിച്ചിരുന്നു. ഈ വിധി കാറ്റിൽപ്പറത്തിക്കൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി 45 ദിവസത്തെ Quick verification ഉത്തരവ് പുറപ്പെടുവിച്ചു. ഇന്നലെ ബാർകോഴ സംബന്ധിച്ച അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞ ആഭ്യന്തര വകുപ്പുമന്ത്രി സഭയെ അറിയിച്ചത് സംസ്ഥാനത്തെ വിജിലൻസ് "കുട്ടിലടച്ച തത്തയല്ല" എന്നും സ്വതന്ത്രമായി അന്വേഷണം നടത്തുന്ന ഏജൻസിയാണെന്നുമാണ്. എന്നാൽ സത്യമെന്താണ്, ഞാൻ കത്ത് നൽകിയത്

LIBRARY ARCHIVES Kerala Legislative Assembly